**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2270 — 12.02.2020-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ടി.ജെ. വിനോദ് | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭ്യമായ തുക</u>**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ഓരോ സാമ്പത്തിക വർഷവും എന്ത് തുക ലഭ്യമായി ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും കേന്ദ്ര വിഹിതമായി ഓരോ സാമ്പത്തിക വർഷവും ലഭിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>സാമ്പത്തിക വർഷം — ലഭിച്ച തുക (കോടിയിൽ)<br>2016-17 — 145.50<br>2017-18 — 153.00<br>2018-19 — 192.60<br>2019-20 — 52.27<br><br>കൂടാതെ, 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018-ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും പ്രത്യേക ധനസഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്ത് തുക ഈ ഫണ്ടിൽ നിന്നും ചെലവഴിച്ചു ; | 2016-17 ൽ 152.30 കോടി രൂപയും 2017-18 ൽ 199.52 കോടി രൂപയും 2018-19 ൽ 1321.81 കോടി രൂപയും, നടപ്പ് സാമ്പത്തിക വർഷം അതായത് 05.02.20 വരെ, 1102.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | നിലവിൽ സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിൽ എന്ത് തുക ബാക്കിയുണ്ട്; വ്യക്തമാക്കുമോ ? | നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 1117.88 കോടി രൂപ ബാക്കിയുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്ന, അടിസ്ഥാന സൗകര്യങ്ങൾ പുനരുദ്ധരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഇറിഗേഷന് അനുമതി നൽകിയ 536.27 കോടി രൂപയിൽ 50 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 486.27 കോടി രൂപ അനുവദിക്കേണ്ടതായിട്ടുണ്ട്. 2018-ലെ പ്രളയസമയത്ത് അധികമായി അനുവദിച്ച അരിയുടെ തുകയായ 205.81 കോടി രൂപ അനുവദിക്കണമെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയ്ക്കുണ്ടായ 5,84,16,130/- രൂപയുടെയും ഫിഷറീസ് വകുപ്പിനുണ്ടായ 5,80,74,814/- രൂപയുടെയും നാശനഷ്ടങ്ങൾക്കുള്ള തുക നൽകുവാനുണ്ട്.<br>പ്രളയത്തിൽ തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് 6,20,69,800/- രൂപയും മലപ്പുറം ജില്ലാകളക്ടർക്ക് 4,39,36,200/- രൂപയും അനുവദിക്കേണ്ടതായിട്ടുണ്ട്. 2019-ലെ പ്രളയബാധിത കുടുംബത്തിന് അനുവദിക്കുന്ന അടിയന്തിര സഹായമായ 10,000/- രൂപ പൂർണ്ണമായും SDRF-ൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്. ഇതിലെ CMDRF വിഹിതം തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. വീടുകളുടെ നാശനഷ്ടവുമായി ബന്ധപ്പെട്ട് ആദ്യഘട്ട ലിസ്റ്റിലെ 12905 വീടുകളുടെ SDRF വിഹിതം (46,55,60,800/- രൂപ) CMDRF-ൽ നിന്നാണ് വഹിച്ചത്. ഇതിൽ അടിയന്തിര സഹായമായി അനുവദിച്ചതിൽ CMDRF-ൽ നിന്നും ലഭിക്കേണ്ട തുക കിഴിച്ച് ബാക്കി തുക SDRF-ൽ നിന്ന് CMDRF-ലേയ്ക്ക് അനുവദിക്കേണ്ടതായിട്ടുണ്ട്. ഇതിന് ഏകദേശം 30 കോടി രൂപ ആവശ്യമായി വരും. കൂടാതെ 2019-ലെ പ്രളയത്തിൽ വീട് തകർന്നവർക്കുള്ള നഷ്ടപരിഹാരമായി ഏകദേശം 75 കോടിയോളം രൂപ ലാന്റ് റവന്യൂ കമ്മീഷണറുടെ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കേണ്ടതായിട്ടുണ്ട്. പ്രളയബാധിത കുടുംബത്തിന് അടിയന്തിര സഹായം അനുവദിക്കുന്നതിനായി 30 കോടി രൂപയോളം ആവശ്യമാണ്.<br>2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് KSEB-യ്ക്ക് 52,27,00,000/- രൂപയും 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് 45.7 കോടി രൂപയും ഇനിയും നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ